**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819** **24-02-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ്** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | അട്ടപ്പാടിയിൽ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) | ആദിവാസികൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളിലെ അഴിമതിയാണ് അവരുടെ ജീവിത നിലവാരം താഴോട്ട് പോയതിന്റെ പ്രധാന കാരണം എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ആദിവാസികൾക്കായി 2011 - 16 -ലെ സർക്കാർ പ്രഖ്യാപിച്ച നിരവധി പദ്ധതികളിൽ ചിലത് ഇപ്പോൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഇവ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് 2011-16 കാലഘട്ടത്തിൽ ആരംഭിച്ച ജനനീ ജന്മ രക്ഷ പദ്ധതി, ഗോത്രസാരഥി എന്നിവ നിലവിൽ തുടർന്ന് വരുന്നുണ്ട്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമി, വനാവകാശ പ്രകാരം കൈവശരേഖ നൽകൽ എന്നീ പദ്ധതികൾ നിലവിലുള്ളത് കാരണം അട്ടപ്പാടിയിൽ ഭൂമി വിലയ്ക്ക് വാങ്ങുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല. |
| (ഡി) | അട്ടപ്പാടി മേഖലയിൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ബഹു. തദ്ദേശ സ്വയം ഭരണം–എക്സൈസ്, ധനകാര്യം, ഭക്ഷ്യ– സിവിൽ സപ്ലൈസ്, ആരോഗ്യ വകുപ്പ് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ വിവിധ വകുപ്പ് അദ്ധ്യക്ഷൻമാരുടെയും ഒരു ഉന്നതതല യോഗം ചേർന്നിരുന്നു. കൂടാതെ, വകുപ്പ് മേധാവികളുടെയും ജനപ്രതിനിധികളുടെയും, |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെയും യോഗം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഗളിയിൽ രണ്ടു തവണ വിളിച്ച് ചേർക്കുകയും ഓരോ വകുപ്പുകൾ ചെയ്യേണ്ട പദ്ധതിയുടെ കർമ്മ പരിപാടി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, ഒറ്റപ്പാലം സബ് കളക്ടർ കൺവീനർ ആയി പത്തംഗ സമിതി രൂപീകരിക്കുകയും വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ച് അട്ടപ്പാടി മേഖലയിലെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നുണ്ട്. |
| (ഇ) | അട്ടപ്പാടി മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച പരാതികളിൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ഉണ്ട്. 2015-16 വർഷത്തെ ATSP ഭവന നിർമ്മാണ പദ്ധതിയിൽ ഭൂതിവഴി ഊരിൽ ഏഴ് പേർക്ക് അനുവദിച്ച ഭവന നിർമ്മാണ ധനസഹായം കരാറുകാരൻ തെറ്റിദ്ധരിപ്പിച്ച് തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് കലമണി W/o രാമകൃഷ്ണൻ എന്നവരുടെ പരാതി പ്രകാരം ക്രൈം നമ്പർ 215/2019, പാപ്പ W/o കോണൻ എന്നവരുടെ പരാതി പ്രകാരം ക്രൈം നമ്പർ 246/19, കാളി S/o കാടൻ എന്നവരുടെ പരാതി പ്രകാരം ക്രൈം നമ്പർ 301/19 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ